നിന്നു വളരെ അധികം പീരങ്കികൾ ഇന്ത്യാഗവണ്മെൻറ് കരസേനയിലേക്കുവേണ്ടി വാങ്ങിയപ്പോൾ ഇന്ത്യയിലെ ചില ഏജൻറുമാർക്കു കൊടുത്തതായി പറയപ്പെടുന്നതു്. നൂററിമുപ്പതുകോടി ഡോളർ—ഏതാണ്ടു് ഏഴായിരം കോടിയോളം രൂപ—പീരങ്കികൾക്കും മററുമായി ഈ കമ്പനിക്കു് ഇന്ത്യാഗവണ്മെൻറ് കൊടുക്കും. അതിൽനിന്നു് ഒരു ഭാഗമാണത്രേ കമ്മീഷനായി ഏതാനും ഇന്ത്യക്കാർക്കു് —ചില പട്ടാളമേധാവികൾക്കും ചില രാഷ്ട്രീയനേതാക്കൾക്കുമെന്നു പറയപ്പെടുന്നു—ബോഫോഴ്സ് കമ്പനി തിരിച്ചുകൊടുത്തതു്. കമ്മീഷൻെറ ഇടപാടോ, ഏജൻറുമാരോ പാടില്ലെന്നു് ഇന്ത്യാഗവണ്മെൻറ് നിർദേശിക്കുകയും ബോഫോഴ്സ് കമ്പനി ആ നിർദേശം അംഗീകരിക്കുകയുംചെയ്തതിനുശേഷമാണു് ഏജൻറുമാർക്കു് ഈ കമ്മീഷൻ നൽകപ്പെട്ടതെന്നതിനാൽ, അതിൻെറ ഗൗരവം വർധിക്കുന്നു. വാങ്ങുന്നവർക്കു വിലയിലൊരു ഭാഗം ഇങ്ങനെ തിരിച്ചുകൊടുക്കുന്ന സമ്പ്രദായത്തെ ഇംഗ്ലീഷിൽ 'കിക്ക്ബാക്ക്' (പിന്നോക്കം ചവിട്ട്) എന്നു വിളിക്കുന്നു. ഈ ഇടപാടിൽ ഇന്ത്യക്കാർക്കു കമ്മീഷൻ നൽകിയിട്ടില്ലെന്നു ബോഫോഴ്സ് കമ്പനിയും, കമ്മീഷൻ നൽകിയെന്നതിൻെറ തെളിവുകൾ തങ്ങളുടെ കൈവശമുണ്ടെന്നു് സ്വീഡിഷ് റേഡിയോവും പറയുന്നു. വാസ്തവം എന്തോ!

വ്യക്തികൾചെയ്യുന്നതു പലതും സർക്കാരുകൾ ചെയ്തുകൂടാ. മറിച്ചും പാടില്ല. സർക്കാരിനു് ആളുകളെ ജയിലിലടയ്ക്കുകയോ, തൂക്കിക്കൊല്ലുകയോ ഒക്കെ ചെയ്യാം—അംഗീകൃതമായ നടപടിക്രമം അതിനുമുമ്പു് അനുഷ്ഠിച്ചിരിക്കണമെന്നുമാത്രം. നമ്മളും അങ്ങനെയൊക്കെ ചെയ്തുതുടങ്ങിയാലോ? അതുപോലെ പല കാര്യങ്ങളും നിർവഹിക്കാൻ ഏജൻറുമാരുടെ സഹായം വ്യക്തികൾ തേടുന്നതിൽ വലിയ വൈഷമ്യമൊന്നുമില്ല. പക്ഷേ, സർക്കാർ അങ്ങനെ ചെയ്തുകൂടാ; അങ്ങനെ ചെയ്താൽ അതു കോഴയായി കണക്കാക്കപ്പെടും. അതിൻെറ ദുഷ്ഫലം കമ്മീഷൻ കൊടുത്തവനും വാങ്ങിയവനും ഒരുപോലെ അനുഭവിക്കേണ്ടതായിവരികയും ചെയ്യും.

(31 മെയ്, 1987)

# 102. ബ്ലേഡ്

'നിങ്ങളെന്താ ബ്ലേഡിനെപ്പററി എഴുതാത്തതു്?' എന്നു് ഒരു സ്നേഹിതൻ ഈയിടെ എന്നോടു ചോദിച്ചു.

'രാവിലെ ക്ഷൗരംചെയ്യാൻ ഒരു ബ്ലേഡു വേണം. ഭാഗ്യവശാൽ അതു്, നല്ല ബ്ലേഡുതന്നെ, ഇപ്പോൾ കടകളിൽ സുലഭമാണു്. ആ നിലയ്ക്കു് അതിനെപ്പററി എന്തെഴുതാനാണു്?' വളരെയൊന്നും ആലോചിക്കാതെ ഞാൻ മറുപടി പറഞ്ഞു.

'ആ ബ്ലേഡിനെപ്പററിയല്ല ഞാൻ പറയുന്നതു്. ബ്ലേഡ് കമ്പനികളില്ലേ, അവയെപ്പററിയാണു്. ഇപ്പോൾ ധാരാളമായി ബ്ലേഡ് കമ്പനികൾ പൊളിഞ്ഞുപോകുന്നുണ്ടല്ലോ. എന്നും കാണാം പത്രത്തിൽ അവയെപ്പററിയുള്ള വാർത്തകൾ.'

'ബ്ലേഡ്കമ്പനികളിൽ എനിക്കു താല്പര്യമില്ല. ലോകത്തിലെ എല്ലാ ബ്ലേഡ് കമ്പനികളും പൊളിഞ്ഞാലും എനിക്കു് ഒരൊററ പൈസയും നഷ്ടപ്പെടുകയില്ല.'

'നിങ്ങളുടെ താല്പര്യമല്ല ഇവിടെ പ്രശ്നം. ബ്ലേഡ് കമ്പനികൾ

പൊളിയുന്നതുകൊണ്ട് എത്ര ആളുകളാണു കേരളത്തിൽ കഷ്ടത്തിലാവുന്നത്!'

'ആട്ടെ, നിങ്ങൾ ഏതെങ്കിലും ബ്ലേഡ് കമ്പനിയിൽ പണം നിക്ഷേപിച്ചിട്ടുണ്ടോ?'

ഈ ചോദ്യത്തിനു സ്നേഹിതൻ നേരിട്ടൊരു മറുപടി പറഞ്ഞില്ല. മുഖത്തു പെട്ടെന്നു പ്രത്യക്ഷപ്പെട്ട വാട്ടം കണ്ടപ്പോൾ, ചെറിയ എന്തോ കുഴപ്പം അദ്ദേഹത്തിനും പിണഞ്ഞിട്ടുണ്ടെന്ന് എനിക്കു തോന്നി. പക്ഷേ, കുത്തിച്ചോദിച്ച് അദ്ദേഹത്തെ വേദനിപ്പിക്കാൻ എനിക്കു മനസ്സുവന്നില്ല.

നിക്ഷേപകനായ ഈ സ്നേഹിതനെ വിടുക. ചെറിയ ഒരു ബ്ലേഡ്കമ്പനിയുടെ ചെയർമാൻസ്ഥാനം വഹിച്ചിരുന്ന ഒരു സുഹൃത്ത് എനിക്കുണ്ട്. സർക്കാർജോലിയിൽനിന്നു പിരിഞ്ഞപ്പോൾ, പെൻഷൻ 'കമ്യൂട്ട്'ചെയ്ത വകയിൽ കുറച്ചു പണം അദ്ദേഹത്തിന്റെ കൈയിൽ വന്നു. ഇക്കാലത്താണു സ്ഥലവാസികളായ ഏതാനും തൊഴിലില്ലാത്ത ചെറുപ്പക്കാർ ചേർന്ന് ഒരു ബ്ലേഡ് കമ്പനി തുടങ്ങിയത്. കമ്പനിക്കു വിശ്വാസ്യത വരുത്താൻ, നാട്ടുകാർക്കു സമ്മതനായ ഒരു ചെയർമാൻ ഉണ്ടായിരിക്കണമെന്ന് ഈ ചെറുപ്പക്കാർ കരുതി. അവരുടെ അഭ്യർത്ഥന അനുസരിച്ച് എന്റെ സുഹൃത്ത് ആ സ്ഥാനം ഏറെറടുത്തു.

'വലിയ ചുമതലയൊന്നുമില്ല. കണക്കൊക്കെ അവർ വയ്ക്കും. ഇടപാടുകൾ അവർ നടത്തും. കമ്പനി ഡയറക്ടർമാരുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകമാത്രമേ ഞാൻ ചെയ്യേണ്ടു. അതിനു അവർ മോശമല്ലാത്ത സിററിങ് ഫീ തരുകയുംചെയ്യും' എന്ന് അദ്ദേഹം എന്നോടു പറഞ്ഞു.

'അവരുടെ കടത്തിനു നിങ്ങൾ ഉത്തരവാദിയാകുമോ?' എന്നു ഞാൻ ചോദിച്ചു.

'ഏയ്, ഇല്ല. അത്തരം ഒരു ബാദ്ധ്യതയും എനിക്കില്ല.'

'നിങ്ങൾ ഈ ബ്ലേഡ് കമ്പനിയിൽ പണം നിക്ഷേപിച്ചിട്ടുണ്ടോ'?

'ഇല്ല.' അല്പം നിർത്തിയശേഷം സുഹൃത്തു തുടർന്നു: 'പെൻഷൻ കമ്യൂട്ട്ചെയ്തു കിട്ടിയ പണം ഇപ്പോൾ ബാങ്കിലിട്ടിരിക്കുകയാണ്. പത്തു ശതമാനം പലിശയേ ഉള്ളു. ഞങ്ങളുടെ ബ്ലേഡിൽ പണം നിക്ഷേപിച്ച പലർക്കും മുപ്പത്താറു ശതമാനം പലിശ കൊടുക്കുന്നുണ്ട്. പതിനായിരം രൂപ നിക്ഷേപിച്ചാൽ, മാസംതോറും പലിശ ഇനത്തിൽ മുന്നൂറു രൂപ എനിക്ക് എടുക്കാം. അതിനാൽ, ബാങ്കിലെ പണം ബ്ലേഡിലേക്കു മാററാൻ ആലോചന ഇല്ലാതില്ല.'

ഈ സംഭാഷണം നടന്നിട്ടു രണ്ടു വർഷത്തിലേറെയായി. ആ സുഹൃത്തുമായി പിന്നെ സമ്പർക്കത്തിനു ഇടവന്നിട്ടില്ല. അദ്ദേഹം പണം ബാങ്കിൽനിന്നു ബ്ലേഡിലേക്കു മാററിയോ? ഇപ്പോഴും അദ്ദേഹം ബ്ലേഡിന്റെ ചെയർമാൻ ആണോ? അദ്ദേഹത്തിന്റെ ബ്ലേഡ് കമ്പനി ഇപ്പോൾ നിലവിലുണ്ടോ? ഒന്നും അറിഞ്ഞുകൂടാ.

മഴയത്തു പ്രൈമറിസ്കൂൾ കെട്ടിടങ്ങൾപോലെ ഇപ്പോൾ കേരളത്തിൽ ബ്ലേഡുകമ്പനികൾ തകർന്നുകൊണ്ടിരിക്കുകയാണ്. ആനകൾപോലും പറന്നുപോകുന്ന ഈ കാററിൽ, ഒരു തുമ്പിയോളംതന്നെയില്ലാത്ത എന്റെ സ്നേഹിതന്റെ നില എന്തോ! ആലോചിക്കുമ്പോൾ ഭയം തോന്നുന്നു.

കേരളത്തിലെ ജനങ്ങൾ നാനൂറുകോടി രൂപയിലേറെ ബ്ലേഡ് കമ്പനികളിൽ നിക്ഷേപിച്ചിട്ടുണ്ടത്രെ. ഇതിൽ വലിയ ഒരു പങ്ക് ഗൾഫ്സമ്പാദ്യമാവാം. കുറെയൊക്കെ കള്ളപ്പണവും ആയിരിക്കും.

പക്ഷേ, കൂടുതലും സാധാരണക്കാരുടെ ചെറുകിട സമ്പാദ്യമായിരിക്കാനാണ് സാദ്ധ്യത. എന്തായാലും, കാർഷിക–വ്യാവസായിക–വികസനത്തിനുവേണ്ടി ഈ പണം ചെലവഴിക്കപ്പെട്ടിരുന്നുവെങ്കിൽ, രാജ്യത്തിന്റെ, ഒപ്പം രാജ്യത്തിലെ ചെറുപ്പക്കാരുടെയും, മുഖച്ഛായതന്നെ എങ്ങനെ മാറുമായിരുന്നു!

പല ബ്ളേഡുകമ്പനികളുടേതായി പന്തീരായിരത്തിലേറെ ആപ്പീസുകൾ കേരളത്തിൽ പ്രവർത്തിച്ചുവന്നിരുന്നു എന്നും ഇവയിൽ നാലായിരത്തി ഇരുനൂറ് ആപ്പീസുകൾ തൃശ്ശൂർ നഗരത്തിൽത്തന്നെ ആയിരുന്നു എന്നും പറയപ്പെടുന്നു.

'ഫ്രണ്ട്ലൈൻ' എന്ന പാക്ഷികത്തിൽ (മെയ് 30) ശ്രീ കെ. പി. നായർ എഴുതുന്നു:

'വഞ്ചനയിൽ സ്വയം ചെന്നു കടുങ്ങുവാൻ അത്ര എളുപ്പത്തിൽ ആളുകൾ തയ്യാറായതു് എങ്ങനെ എന്നു് ആലോചിക്കുമ്പോൾ അത്ഭുതം തോന്നുന്നു. തിരുവനന്തപുരത്തെ ഒരു ബ്ളേഡ് കമ്പനിയിൽ ഒരു റിട്ടയേർഡ് അഗ്രിക്കൾച്ചർ ജോയിൻറ് ഡയറക്ടർ അറുപതിനായിരം രൂപ നിക്ഷേപിച്ചു. ആദ്യത്തെ രണ്ടു മാസം അദ്ദേഹത്തിനു പലിശ ഇനത്തിൽ രണ്ടായിരത്തി നാനൂറു രൂപ വീതം കിട്ടി. സന്തുഷ്ടനായ അദ്ദേഹം ആ കമ്പനിക്കുവേണ്ടി വേറെയും നിക്ഷേപകരെ 'ക്യാൻവാസ്' ചെയ്തു. മൂന്നാംമാസത്തിൽ പലിശ കിട്ടാൻ വൈകി. നാലാംമാസത്തിൽ കമ്പനി അപ്രത്യക്ഷമായി. കമ്പനിയുടെ ഉടമ നഗരത്തിൽ ഒരു ഹോട്ടൽ സ്വന്തം പേരിൽ എഴുതിവാങ്ങിച്ചതായി പിന്നീടു മനസ്സിലായി. പോലീസ് ഇടപെട്ടെങ്കിലും, നിക്ഷേപകർക്കു പണം തിരിച്ചു കിട്ടിയില്ല.

'തിരുവനന്തപുരത്തു മികച്ചനിലയിൽ ഒരു ബ്രാഞ്ച് നടത്തിയിരുന്ന മദ്രാസ്സിലെ ഒരു ബ്ളേഡ് കമ്പനിയിൽ, തിരുവനന്തപുരത്തെ ഒരു സർക്കാരുദ്യോഗസ്ഥന്റെ വിധവ പതിനോരായിരംരൂപ നിക്ഷേപിച്ചു. ഈ സ്ത്രീ ഇപ്പോൾ പോലീസിൽ പരാതി ബോധിപ്പിച്ചിട്ടുണ്ടു്. സ്റ്റേററ് പ്ലാനിങ് ബോർഡിലെ ഒരു ജോയിൻറ് ഡയറക്ടർ ഇതേ കമ്പനിയിൽ ആറായിരത്തഞ്ഞൂറുരൂപ നിക്ഷേപിച്ചിരുന്നു. ഈ പണം തിരികെ വാങ്ങാനുള്ള ശ്രമത്തിലാണ് ഇപ്പോൾ അദ്ദേഹം.

'ഒരു ബ്ളേഡ് കമ്പനിയിൽ നിക്ഷേപിച്ചിരുന്ന പതിനായിരം രൂപ ഒരു ഐ. എ. എസ്സുകാരന്റെ ഭാര്യയുടെ അച്ഛൻ ഈയിടെ തിരിച്ചുവാങ്ങി.'

ബ്ളേഡ് കമ്പനികൾ നടത്തുന്നതിനെതിരായ നിയമങ്ങൾ മുമ്പുമുതല്ക്കേ നിലവിലുണ്ടായിരുന്നു എന്നതാണു ശ്രദ്ധിക്കേണ്ട ഒരു വസ്തുത. നിക്ഷേപങ്ങൾ സ്വീകരിക്കുന്നതു സംബന്ധിച്ച വ്യക്തമായ നിർദേശങ്ങൾ 'റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിയമ'ത്തിലെ 'III സി' എന്ന അദ്ധ്യായത്തിലെ '45 എസ്' എന്ന വകപ്പിലുണ്ടു്. ഈ നിർദേശങ്ങൾ ലംഘിക്കുന്നതു ശിക്ഷാർഹമായ കുററമാകുന്നു. ഒന്നൊഴിയാതെ എല്ലാ ബ്ളേഡുകമ്പനികളും ഈ നിയമത്തെ വകവച്ചിട്ടില്ലെന്നതു വ്യക്തം. എന്തുകൊണ്ടു് പോലീസോ, ആദായനികുതിവകുപ്പോ, ഗവണ്മെൻറോ ഈ ബ്ളേഡുകമ്പനികൾക്കെതിരെ ഇന്നോളം നടപടിയെടുത്തില്ല?

ഇത്തരം നിയമലംഘനങ്ങൾ നടക്കാതെ ശ്രദ്ധിക്കേണ്ടതു റിസർവ് ബാങ്കിന്റെ 'ഡിപ്പാർട്ട്മെൻറ് ഓഫ് ഫിനാൻസ് കമ്പനീസ്' എന്ന വിഭാഗമാണ്. കല്ക്കത്തയിലാണ് ഈ വകപ്പിന്റെ മുഖ്യ ആപ്പീസ്. ബാംഗ്ളൂരിൽ അതിന്റെ ഒരു ശാഖയുണ്ടു്. ഈയാണ്ടു തുടക്കത്തിൽ തിരുവനന്തപുരത്തും ഈ വകപ്പിന്റെ ഒരു ശാഖ തുറന്നു. കേരളത്തിലെ

ബ്ലേഡ് കമ്പനികളുടെ കാര്യം റിസർവ് ബാങ്ക് ശ്രദ്ധിച്ചുവോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

1985 ഒക്ടോബറിൽ കേരളഗവണ്മെൻറ് പ്രഖ്യാപിച്ച ഒരു ഓർഡിനൻസ് ബ്ലേഡ് കമ്പനികളെ നിയന്ത്രിക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നു. 1986–ൽ കേരള ധനകാര്യമന്ത്രിയായിരിക്കേ ശ്രീ തച്ചടി പ്രഭാകരൻ ബ്ലേഡ് കമ്പനികൾക്കെതിരെ ശക്തമായ ഒരു പ്രചാരവേല നടത്തി. പക്ഷേ, ഇതുകൊണ്ടൊന്നും ഒരു പ്രയോജനവുമുണ്ടായില്ല.

നിക്ഷേപകരുടെ നാനൂറുകോടി രൂപ വെള്ളത്തിലായി എന്നതുമാത്രമല്ല, ബ്ലേഡ് കമ്പനികളുടെ പ്രവർത്തനഫലമായി ഇവിടെ സംഭവിച്ചിട്ടുള്ളത്. കേരളത്തിൽ ഭൂസ്വത്തിനും നിത്യോപഭോഗവസ്തുക്കൾക്കും വില അടുത്തകാലത്തായി കുതിച്ചുകയറിയതിനു കാരണം, വളരെ വലിയ അളവിൽ, ബ്ലേഡ് കമ്പനികളുടെ പ്രവർത്തനമാണെന്നു വിശ്വസിക്കപ്പെടുന്നുണ്ട്. പല ബ്ലേഡ് കമ്പനിയുടമകളും പത്രവായനക്കാരുടെ വീരനായകന്മാരായി മാറിയിരിക്കുന്നു. വരുന്ന ഏതാനും വർഷങ്ങളിൽ കേരളത്തിൽ ബോക്സോഫീസ് വിജയമായിത്തീരുന്ന സിനിമപ്പടങ്ങളിൽ പലതും ഈ വീരനായകന്മാരുടെ ധീരസാഹസത്തട്ടിപ്പുകളെ അവലംബിച്ചുള്ളവ ആയിക്കൂടായ്കയില്ല.

ബ്ലേഡിനെപ്പററി, നേരിട്ട് അനുഭവമില്ലാത്തതിനാൽ, എനിക്ക് ഇത്രയൊക്കെയേ എഴുതാനുള്ളു. ഇതു വായിക്കുന്ന നിങ്ങളിൽ പലർക്കും കാണും, നേരിട്ടുള്ള ബ്ലേഡ് അനുഭവങ്ങൾ. അവയെപ്പററി എഴുതാമോ? ഒരുപക്ഷേ, നിങ്ങളുടെ ലേഖനങ്ങൾക്കുവേണ്ടി നമ്മുടെ ആനുകാലികങ്ങളുടെ വായനക്കാർ കൃ നിന്നുകൂടായ്കയില്ല.

(19 ജൂലൈ, 1987)

# 103. ഉരുളക്കിഴങ്ങ്

1987–ാമാണ്ട് അവസാനിക്കാൻ അടുത്തിരിക്കുകയാണല്ലോ. കൃഷിവിദഗ്ധരേ, ശ്രദ്ധിക്കുക! വേണമെങ്കിൽ നിങ്ങൾക്ക്, പരിഷ്കൃതലോകം ഉരുളക്കിഴങ്ങു കണ്ടുപിടിച്ചതിൻെറ നാനൂററമ്പതാം വാർഷികം ഈ ആണ്ടിൽ അവശേഷിക്കുന്ന മാസങ്ങളിൽ ആഘോഷിക്കാം.

ഡോൺഗോൺസാലോ ജിമെനേസ്ഡി ക്വെസാഡ എന്ന ഒരു സ്പെയിൻകാരനാണത്രെ ക്രിസ്തുവർഷം 1537–ൽ തെക്കേ അമേരിക്കയിലെ 'ഹിമാലയം' ആയ ആൻഡീസ് പർവതനിരകളുടെ മുകളിലൊരു സ്ഥലത്തു് അന്നാട്ടുകാർ കൃഷിചെയ്തിരുന്ന ഉരുളക്കിഴങ്ങു കണ്ടെത്തിയത്. കൊളംബസ് അമേരിക്ക കണ്ടുപിടിച്ചിട്ട് അന്നേക്ക് നാല്പത്തഞ്ചു വർഷം കഴിഞ്ഞിരുന്നു. തെക്കെ അമേരിക്കയിലെ മെക്സിക്കോവിലെ ആസ്റ്റെക്കുകളുടെയും പെറുവിലെ ഇങ്കമാരുടെയും അപരിമിതമായ സ്വർണസമ്പത്തിനെപ്പററിയുള്ള കെട്ടുകഥകൾ അതിനകം യൂറോപ്പിലാകെ പ്രചരിച്ചിരുന്നു. തെക്കെ അമേരിക്കയിലെ കടൽത്തീരം നിറയെ പക്ഷിമുട്ടകൾപോലെ സ്വർണക്കട്ടികൾ ഉരുണ്ടുകളിക്കുന്നതായും, ഉൾക്കടലുകളിൽ മണൽത്തരികൾപോലെ മുത്തുകൾ പരന്നുകിടക്കുന്നതായും, മലകൾ രത്നങ്ങൾകൊണ്ടു വെട്ടിത്തിളങ്ങുന്നതായും സ്വപ്നം കണ്ടുകൊണ്ടു കഷ്ടപ്പെട്ടു കടൽ കടന്ന് അവിടെയെത്തിയ ക്വെസാഡ തികച്ചും നിരാശനായി എന്നു പറയേണ്ടതില്ല. എന്നാൽ, ആൻഡീസ് മലകൾക്കു മുകളിൽ സൊറോകോട്ട എന്ന സ്ഥലത്തു മണ്ണിനടിയിൽനിന്നു പക്ഷിമുട്ട